കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | |
|---|---|
| JANUARY 16 | 2018 |



ശബരിമല പത്രക്കുറിപ്പ്

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കും:മുഖ്യമന്ത്രി

തീർഥാടക ബാഹുല്യം കണക്കിലെടുത്ത് ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം ഫേയ്സ്ബുക്ക് പോസ്റ്റിൽ കുറിച്ചു. പരാതികൾക്ക് ഇടനൽകാതെ ശബരിമലയിലെ മണ്ഡല-മകരവിളക്ക് തീർഥാടനകാലം പൂർത്തിയാക്കാൻ സർക്കാരിന് സാധിച്ചു.

തീർഥാടകരുടെ എണ്ണം വർധിച്ചപ്പോഴും അതിനനുസരിച്ച് മികച്ച സൗകര്യങ്ങളൊരുക്കാൻ സർക്കാരിന് കഴിഞ്ഞു. ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും തമ്മിലുള്ള ഏകോപനം സാധ്യമായാൽ ഭംഗിയായി സൗകര്യങ്ങൾ ഒരുക്കാൻ കഴിയുമെന്നതിന്റെ നല്ല ഉദാഹരണമാണ് ഇത്തവണത്തെ തീർഥാടനകാലം. ഇതിനായി അർപ്പണബോധത്തോടെ പ്രവർത്തിച്ച എല്ലാവരേയും മുഖ്യമന്ത്രി അഭിന ന്ദിച്ചു.

ഈ തീർഥാടനകാലത്ത് വിവിധ സൗകര്യങ്ങൾ ഒരുക്കാൻ 38 കോടി രൂപയാണ് ശബരിമലയിൽ മാത്രമായി സർക്കാർചെലവഴിച്ചത്.മാസ്റ്റർപ്ലാനിന്റെ ഭാഗമായുള്ള പ്രവൃത്തികൾക്കായി 98 കോടി രൂപ വേറെയും. തീർഥാടനവുമായി ബന്ധപ്പെട്ട റോഡ് നവീകരണം, മറ്റ് പശ്ചാത്തല സൗകര്യമൊരുക്കൽ എന്നിവയ്ക്കായി അനുവദിച്ച തുക ഇതിനെല്ലാം പുറമെ യാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

(പി.ആർ. ശബരി 469)

## മാളികപ്പുറത്ത് നിന്നുള്ള എഴുന്നള്ളത്ത് 19 വരെ

ശബരിമല: മകര വിളക്ക് മഹോത്സവത്തിൻെറ ഭാഗമായി മാളികപ്പുറം മണിമണ്ഡപത്തിൽ നിന്ന് സന്നിധാനത്തേക്കുള്ള എഴുന്നള്ളത്ത് ജനുവരി 19 വരെ തുടരും. തിങ്കളാഴ്ച അത്താഴ പൂജയ്ക്ക് ശേഷമാണ് എഴുന്നള്ളത്ത് തുടങ്ങിയത്. എഴുന്നള്ളത്ത് നടക്കുന്ന ദിവസങ്ങളിൽ ഒമ്പത് മണിക്കായിരിക്കും അത്താഴ പൂജ.

ഉത്സവത്തിലെ പ്രധാന ചടങ്ങുകളിലൊന്നാണ് 18ന് രാത്രി മാളികപ്പുറം മണിമണ്ഡപത്തിൽനിന്നും ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്ത്. വളരെക്കാലം മുമ്പ് തുടങ്ങിയ ആചാരമാണിത്. പല വർഷങ്ങളിലും എഴുന്നള്ളത്തിന് ആനയു   ായിരുന്നു. ഇപ്പോൾ അത് കോടതിയുടെ പരിഗണനയിലുള്ള വിഷയമാണ്.

19ന് അവസാനത്തെ ചടങ്ങ് ഗുരുതിയാണ്. അവകാശികളായ കുറുപ്പൻമാരാണ് ഇത് നടത്തുന്നത്. കുറുപ്പൻമാരുടേതായ രീതിയിൽ വളരെ കേമമായിട്ടുതന്നെ ഗുരുതി നടക്കുമെന്നും ഗുരുതിക്ക് ശേഷം മാളികപ്പുറത്ത് ആരും തങ്ങാറില്ലെന്നും തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പറഞ്ഞു.

20ന് പന്തളം രാജാവിന് മാത്രമാണ് ശബരിമലയിൽ ദർശനത്തിന് അനുവാദമുള്ളത്. രാവിലെ നട തുറന്ന്, അഭിഷേകം കഴിഞ്ഞ് പന്തളം രാജാവ് ദർശനം നടത്തി, ഹരിവരാസനം പാടി നട അടയ്ക്കും. തുടർന്ന് പതിനെട്ടാം പടിക്കു താഴെ വെച്ച്, രാജാവ് മേൽശാന്തിക്ക് പണക്കിഴി കൈമാറും. ഇതോടെ മകരവിളക്ക് മഹോത്സവച്ചടങ്ങുകൾ അവസാനിക്കും.

(പി.ആർ. ശബരി 470)

## ആലങ്ങാട്ടുയോഗം അയ്യപ്പനെ പന്തീർനാഴി നിവേദ്യമൂട്ടി

ശബരിമല: ആലങ്ങാട്ടുയോഗം പേട്ടസംഘം അയ്യപ്പനെ പന്തീർനാഴി നിവേദ്യമൂട്ടി. ചൊവ്വാഴ്ച ഉച്ച പൂജ സമയത്തായിരുന്നു നിവേദ്യമൂട്ട്. തന്ത്രി കണ്ഠരര് മഹേഷ് മോഹനരാണ് ഈ മഹാനിവേദ്യം അയ്യപ്പന് നിവേദിച്ചത്.

രാവിലെ 9.30 മുതൽ 10.30വരെ ആലങ്ങാട്ട് യോഗത്തിൻെറ നെയ്യഭിഷേകം നടന്നു. വൈകുന്നേരം പന്തളം മഹാരാജാവിനെ സ്വീകരിച്ച് ആനയിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. രാത്രി അപ്പവും അരവണയും അയ്യപ്പന് നിവേദിച്ച് യോഗാംഗങ്ങൾക്ക് വിതരണം ചെയ്തു.

യോഗം പെരിയോർ അമ്പാടത്ത് എ കെ വിജയകുമാർ, യോഗം പ്രതിനിധികളായ എം എൻ രാജപ്പൻനായർ, പുറയാറ്റികളരി രാജേഷ്, കോമരങ്ങളായ ദേവദാസ് കുറ്റിപ്പുഴ, ആഴകം അജയൻ, സുനിൽ ഗോപിനാഥ് എന്നിവർ നേതൃത്വം നൽകി.

(പി.ആർ. ശബരി 471)

# <u>അറക്കുളം ധർമ്മശാസ്താ ക്ഷേത്രത്തിലേക്ക്</u>
# <u>കൊടിക്കൂറ കൈമാറി</u>

ശബരിമല: അറക്കുളം ധർമ്മശാസ്താ ക്ഷേത്രത്തിൽ ജനുവരി 25 മുതൽ നടക്കുന്ന തിരുവത്സവത്തിനായി ശബരിമലയിൽ നിന്ന് പൂർവാചാര പ്രകാരം നൽകുന്ന കൊടിക്കൂറ ശബരിമല കൊടിമരച്ചുവട്ടിൽവെച്ച് മേൽശാന്തി എ വി ഉണ്ണികൃഷ്ണൻ നമ്പൂതിരിയിൽ നിന്ന് താഴത്തെമനയ്ക്കൽ ഗോപാലകൃഷ്ണ പണിക്കർ ഏറ്റുവാങ്ങി. ചടങ്ങിൽ ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി എൻ ചന്ദ്രശേഖരൻ സന്നിഹിതനായിരുന്നു.

ജനുവരി 17ന്(ബുധൻ) രാവിലെ എട്ടുമണിക്ക് ശബരിമലയിൽനിന്ന് പുറപ്പെടുന്ന കൊടിക്കൂറ ഘോഷയാത്ര പമ്പയിലെ സ്വീകരണത്തിന് ശേഷം വൈകീട്ട് ആറുമണിയോടെ അറക്കുളം ക്ഷേത്രത്തിലെത്തും.

(പി.ആർ. ശബരി 472)

# <u>സന്നിധാനത്ത് നാദമേളമൊരുക്കി</u>
# <u>തിരുനെൽവേലി സ്വാമിമാർ</u>

ശബരിമല: പമ്പയിൽ നിന്ന് തകിലും നാദസ്വരവുമായി തീർഥാടനവഴികളെ സംഗീതസാന്ദ്രമാക്കി കൊട്ടിക്കയറിയ തമിഴ്നാട് തിരുനെൽവേലി സ്വാമിമാർ സന്നിധാനം തിരുമുറ്റത്ത് നാദവിസ്മയം തീർത്തു. തിരുനെൽവേലി ശ്രീവൈകുണ്ഠം ഗ്രാമത്തിലെ ഗുരുകുലം കെ. കുപ്പുസ്വാമിയുടെ നേതൃത്വത്തിലുള്ള ആറംഗ സംഘം തിരുനെൽവേലിയിൽ നിന്ന് കാൽനടയായി സഞ്ചരിച്ചാണ് സന്നിധാനത്തെത്തിയത്. തെങ്കാശി, അച്ചൻകോവിൽ വഴി എരുമേലിയിലെത്തി. എരുമേലിയിൽ നിന്ന് കാനനപാത വഴി പമ്പയിലുമെത്തി. സംഘം ഒമ്പത് വർഷമായി ഇങ്ങനെ ശബരിമല തീർഥാടനം നടത്തുന്നു. ഗുരുസ്വാമി കുപ്പുസ്വാമി ശബരിമലയിലെത്തുന്നത് നാൽപത്തിയൊന്നാമത്തെ വർഷമാണ്.

(പി.ആർ. ശബരി 473)

# <u>അയ്യപ്പ സേവനത്തി ന് 24 വർഷം; സർക്കാർ</u>
# <u>വിശുദ്ധി സേനാംഗങ്ങളെ ആദരിക്കുന്നു</u>

ശബരിമല: ശബരിമല പൂങ്കാവനവും പരിസരവും വിശുദ്ധമായി സൂക്ഷിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ശബരിമല സാനിറ്റേഷൻ സൊസൈറ്റി ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ, 24 വർഷം തുടർച്ചയായി സൊസൈറ്റിയുടെ വിശുദ്ധി സേനാംഗങ്ങളായി

പ്രവർത്തിച്ചവരെ പത്തനംതിട്ട ജില്ലാ ഭരണകൂടം ആദരിക്കുന്നു. ഇതിനു വേ ി, ജനുവരി 19ന് വൈകിട്ട് അഞ്ചിന് പമ്പ ആഞ്ജനേയ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് ഉദ്ഘാടനം ചെയ്യും. രാജു എബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. പത്തനംതിട്ട ജില്ലാ കളക്ടർ ആർ.ഗിരിജ, ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, ശബരിമല ഹൈപവർ കമ്മിറ്റി ചെയർമാൻ എസ്.സിരിജഗൻ, സാനിറ്റേഷൻ സൊസൈറ്റി സ്ഥാപക ചെയർപേഴ്സൺ കെ.ബി.വത്സലകുമാരി, ദേവസ്വം ബോർഡ് അംഗങ്ങളായ കെ.രാഘവൻ, കെ.പി.ശങ്കരദാസ്, ജില്ലാ പോലീസ് മേധാവി ഡോ. സതീഷ് ബിനോ, ശബരിമല സ്പെഷ്യൽ കമ്മീഷണർ എം.മനോജ്, ദേവസ്വം കമ്മീഷണർ സി.പി.രാമരാജപ്രേമപ്രസാദ്, എഡിഎം അനു.എസ്. നായർ, റവന്യു ഡിവിഷണൽ ഓഫീസർമാരായ എം.എ.റഹിം, റ്റി.കെ.വിനീത്, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന സജി, വാർഡംഗം രാജൻ വെട്ടിക്കൽ, അയ്യപ്പസേവാസംഘം ജനറൽ സെക്രട്ടറി എൻ.വേലായുധൻ നായർ, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ വി.ശങ്കരൻ പോറ്റി, ബാങ്ക് ഓഫ് ബറോഡ ഡെപ്യൂട്ടി ജനറൽ മാനേജർ ആർ.ഗായത്രി, ഐഒസി ഡെപ്യൂട്ടി മാനേജർ രാജു മാത്യു, ദുരന്ത നിവാരണം ഡെപ്യൂട്ടി കളക്ടർ പി.റ്റി.എബ്രഹാം, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ശബരിമല സന്നിധാനവും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പോലീസ് മേധാവി വൈസ്ചെയർമാനും അടൂർ ആർഡിഒ മെമ്പർ സെക്രട്ടറിയുമായി 1995ലാണ് സൊസൈറ്റീസ് ആക്ട് പ്രകാരം ശബരിമല സാനിറ്റേഷൻ സൊസൈറ്റി രൂപീകരിച്ചത്. 1995ൽ ജില്ലാ മണ്ഡല-മകരവിളക്ക് ഉത്സവകാലയളവിൽ ശബരിമല സന്നിധാനവും പമ്പയും ശുചിയായി സൂക്ഷിക്കുക, പരിസ്ഥിതി സംരക്ഷണത്തിന്റെയും സാമൂഹിക ശുചിത്വത്തിന്റെയും പ്രാധാന്യം തീർഥാടകരിലെത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചത്. ആദ്യവർഷം 125 വിശുദ്ധി സേനാംഗങ്ങളാണ് സേവനത്തിനായി എത്തിയിരുന്നതെങ്കിൽ കഴിഞ്ഞ മൂന്ന് വർഷമായി 800 പേരാണ് വിശുദ്ധി സേനാംഗങ്ങളായി എത്തുന്നത്.

തമിഴ്നാട്ടിലെ സേലം, മധുര, വളയമാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് അയ്യപ്പ സേവാസംഘത്തിന്റെ തമിഴ്നാട് ഘടകത്തിന്റെ ചുമതലയിൽ എല്ലാ വർഷവും വിശുദ്ധി സേനാംഗങ്ങൾ എത്തുന്നത്. സർക്കാർ ഗ്രാന്റ് ദേവസ്വം ബോർഡിൽ നിന്നുള്ള ഗ്രാന്റ്, വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള സംഭാവനകൾ എന്നിവ ഉപയോഗിച്ചാണ് സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ക ത്തുന്നത്. ഈ വർഷം സന്നിധാനത്ത് 300 പേരും പമ്പയിൽ 315 പേരും നിലയ്ക്കലിൽ 150 പേരും പന്തളത്ത് 25 പേരും കുളനടയിൽ 10 പേരുമാണ് സേവനം നടത്തിയത്. പമ്പ, സന്നിധാനം പ്രദേശങ്ങൾ 27 മേഖലകളായി തിരിച്ച് 10 മുത ൽ 40 വരെയുള്ള വിശുദ്ധി സേനാംഗങ്ങളുടെ നേതൃത്വത്തിലാണ് കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്. വിശുദ്ധി സേനാംഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ശുചീകരണത്തിന് പുറമേ മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലുള്ള ശുചീകരണങ്ങളും കുറെ വർഷങ്ങളായി ശബരിമലയിൽ നടന്നുവരുന്നു ്. വിശുദ്ധി സേനാംഗങ്ങളുടെ ഓണറേറിയം ഇപ്പോൾ ബാങ്ക് വഴിയാണ് വിതരണം ചെയ്യുന്നത്. ഇതിനായി സേവനത്തിനെത്തിയ 800 വിശുദ്ധി സേനാംഗങ്ങളുടെയും പേരിൽ

ബാങ്ക് ഓഫ് ബറോഡയിൽ പ്രത്യേക അക്കൗ ് തുറന്നിരുന്നു. സേനാംഗങ്ങൾക്കുള്ള യൂണിഫോം ഉൾപ്പെടെയുള്ള കാര്യങ്ങൾ സാനിട്ടേഷൻ സൊസൈറ്റിയാണ് നൽകുന്നത്. ഇവർക്കുള്ള താമസം, ഭക്ഷണം എന്നിവ ദേവസ്വം ബോർഡ് നൽകുന്നു ്.

കഴിഞ്ഞ 24 വർഷവും തുടർച്ചയായി സേവനത്തിനെത്തിയ നിരവധി വിശുദ്ധി സേനാംഗങ്ങളു ്. അയ്യപ്പസേവനം ഒരു വ്രതനിഷ്ഠംപോലെ ഏറ്റെടുത്ത് ശബരിമല ശുചീകരണത്തിനായി എല്ലാവർഷവും എത്തുന്ന ഇവരുടെ പ്രവർത്തനങ്ങൾ ഏറെ വിലപ്പെട്ടതാണ്.പരിസ്ഥിതി സംരക്ഷണത്തിൽ കനപ്പെട്ട സംഭാവനകൾ നൽകുന്ന ഇവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്ന നിലയിലാണ് 25 -ാം വർഷത്തിലേക്ക് കടക്കുന്ന ശബരിമല സാനിട്ടേഷൻ സൊസൈറ്റി വിശുദ്ധി സേനാംഗങ്ങളെ ആദരിക്കാൻ തീരുമാനിച്ചതെന്ന് സാനിട്ടേഷൻ സൊസൈറ്റി ചെയർപേഴ്സൺ കൂടിയായ പത്തനംതിട്ട ജില്ലാ കളക്ടർ ആർ.ഗിരിജ അറിയിച്ചു.

(പി.ആർ. ശബരി 474)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | **16** | **2018** |

ശബരിമല പത്രക്കുറിപ്പ് 2



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

# 18 ഗിരിദേവതകളെയും വണങ്ങി പടിപൂജകൾക്ക് തുടക്കമായി

ശബരിമല: അയ്യപ്പന്റെ പൂങ്കാവനത്തിലെ 18 മലകളിലെ ദേവതകളെ തൊഴുത്, അവരുടെ പ്രീതിക്കായി പതിനെട്ടാംപടിയിൽ നടത്തുന്ന വിശിഷ്ടമായ പടിപൂജയ്ക്ക് ചൊവ്വാഴ്ച ശബരിമലയിൽ തുടക്കമായി. പടി പതിനെട്ടും കഴുകി, പുഷ്പങ്ങളും പട്ടും നിലവിളക്കുകളും കൊ ് അലങ്കരിച്ച്, ശരണമന്ത്രങ്ങളുടെയും വാദ്യമേളങ്ങളുടെയും ആരവത്തിൽ, തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ മുഖ്യകാർമികത്വത്തിൽ, മേൽശാന്തി എ.വി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ സാന്നിധ്യത്തി ലാണ് പടിപൂജ നടത്തിയത്. അയ്യപ്പന് പുഷ്പാഭിഷേകം നടത്തി, സന്ധ്യാ ദീപാരാധനയ്ക്ക് ശേഷം ഏഴ് മണിയോടെ ആരംഭിച്ച പടിപൂജ 8.10 വരെ തുടർന്നു. കത്തിച്ചുവെച്ച നിലവിളക്കുകളും കർപ്പൂര ദീപങ്ങളും പ്രഭ ചൊരിഞ്ഞ പതിനെട്ടുപടികൾക്ക് മേലെ പുഷ്പങ്ങളർപ്പിച്ച് തന്ത്രി പടി കയറി പോവുമ്പോൾ ശരണംവിളികൾ ഉച്ചസ്ഥായിയിലായി.

ഗിരിദേവതാ പൂജ എന്നാണ് പടിപൂജ അറിയപ്പെട്ടിരുന്നതെന്ന് തന്ത്രി കണ്ഠരര് മഹേഷ് മോഹനര് പറഞ്ഞു. മണ്ഡലം-മകരവിളക്ക് സമയത്ത് പടിപൂജ ചെയ്യാറില്ല. മകരവിളക്ക് കഴിഞ്ഞ് ര ാമത്തെ ദിവസമാണ് പടിപൂജ തുടങ്ങുന്നത്. ജനുവരി 19 വരെ എല്ലാ ദിവസവും പടിപൂജ ഉ ാവുമെന്നും തന്ത്രി അറിയിച്ചു.

പൊന്നമ്പലമേട്, ഗരുഡൻമല, നാഗമല, സുന്ദരമല, ചിറ്റമ്പദേവർമല, ഖർഗിമല, മാതംഗമല, മയിലാടുംമല, ശ്രീപാദംമല, ദേവർമല, നിലയ്ക്കൽ മല, തലപ്പാറ മല, നീലിമല, കരിമല, പുതുശ്ശേരിക്കാനം മല, കാളകെട്ടിമല, ഇഞ്ചിപ്പാറമല, ശബരിമല എന്നിവയാണ് 18 മലകൾ. പ ുകാലത്ത് ഈ 18 മല

കളെയും വണങ്ങിയായിരുന്നു ശബരിമല തീർഥാടനം. പതിനെട്ടു പടികളിൽ ഈ 18 മലകളിലെ ദേവതകളെയും കുടിയിരുത്തിയിരുക്കുന്നുവെന്നാണ് വിശ്വാസം.

പൂജിച്ച പതിനെട്ടാം പടി കയറാനായി ഇതര സംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ വൻ ഭക്തജന പ്രവാഹമായിരുന്നു ചൊവ്വാഴ്ച സന്നിധാനത്തേക്ക്. മകരവിളക്ക് കഴിഞ്ഞിട്ടും തിരുവാഭരണമണിഞ്ഞ അയ്യപ്പനെ ദർശിക്കാനായി സന്നിധാനത്തേക്ക് ഭക്തജനങ്ങളുടെ ഒഴുക്കാണ്.

(പി.ആർ. ശബരി 475)

## പന്തളം രാജപ്രതിനിധി അയ്യപ്പനെ കാണാനെത്തി

ശബരിമല: അയ്യപ്പനെ കാണാനായി ശബരിമലയിലെത്തിയ പന്തളം രാജകൊട്ടാരത്തിന്റെ പ്രതിനിധി തൃക്കേട്ട തിരുനാൾ രാജരാജവർമ്മയെ ക്ഷേത്ര സോപാനത്തിലേക്ക് സ്വീകരിച്ചാനയിച്ചു. ശരണ വഴികളിലൂടെ പല്ലക്കിലേറി വലിയ നടപ്പന്തലിലെത്തിയ രാജപ്രതിനിധിയെ ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി എൻ ചന്ദ്രശേഖരൻ മാലയിട്ട് സ്വീകരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഒ.ബി. ദിലീപ്കുമാർ രാജപ്രതിനിധിയ്ക്ക് ഉടവാൾ കൈമാറി.

പതിനെട്ടാം പടിക്ക് താഴെയെത്തിയ രാജപ്രതിനിധിയെ മേൽശാന്തി എ.വി ഉണ്ണികൃഷ്ണൻ നമ്പൂതിരി പലകയിട്ട് കാൽ കഴുകി സ്വീകരിച്ചു. തുടർന്ന് രാജപ്രതിനിധി നാളികേരമുടച്ച് പടി കയറി ഉടവാൾ കൈമാറി അയ്യപ്പദർശനം നടത്തി. ശ്രീകോവിലിൽ കോടിമു ും കാണിക്കയും സമർപ്പിച്ചശേഷം കന്നിമൂല ഗണപതി യേയും നാഗരാജാവിനേയും തൊഴുത് മാളികപ്പുറത്തേയ്ക്കുപോയി. 20വരെ മാളികപ്പുറത്ത് താമസിക്കും. അയ്യപ്പൻെറ പിതൃതുല്യനായ രാജപ്രതിനിധിക്ക് മാത്രമാണ് 20ന് രാവിലെ ദർശനം. അതിനുശേഷം നടയടക്കും.

(പി.ആർ. ശബരി 476)

## നെയ്യഭിഷേകം 18 വരെ; ദർശനം 19 വരെ

ശബരിമല: ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവത്തിന് ജനുവരി 20ന് പരിസമാപ്തിയാകും. ഈ തീർഥാടന കാലത്തെ അവസാന നെയ്യഭിഷേകം 18നാണ്. അന്ന് രാവിലെ 10 മണിക്ക് നെയ്യഭിഷേകം അവസാനിപ്പിച്ച് ദേവസ്വം വക കളഭാഷിഷേകം നടത്തും. തിരുവാഭരണമണിഞ്ഞുള്ള ദർശനം 18ന് സന്ധ്യാ ദീപാരാധനക്ക് ശേഷമുള്ള പുഷ്പാഭിഷേകം ആരംഭിക്കുന്നത് വരെ തുടരും.

19ന് നെയ്യഭിഷേകം ഉ ാകില്ല. അന്ന് രാത്രി 10 മണി വരെ ദർശനം നടത്താം. 19ന് രാത്രി ഹരിവരാസനം പാടി നടയടച്ച ശേഷം മാളികപ്പുറത്ത് ഗുരുതി പൂജ നടത്തും. 20ന് രാവിലെ ആറിന് നട തുറന്ന് പന്തളം രാജപ്രതിനിധി ദർശനം നടത്തും. തുടർന്ന് മേൽശാന്തി അമ്പലം അടച്ച് മഹാരാജാവിന് താ

ക്കോൽ കൈമാറും. രാജ പ്രതിനിധി അടുത്ത ഒരു വർഷത്തേക്കുള്ള ചെലവിനായി ഒരു കിഴി പണവും ക്ഷേത്രത്തിൻെറ താക്കോലും മാനേജറെ ഏൽപിച്ച് പടിയിറങ്ങും.

(പി.ആർ. ശബരി 477)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.